**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 412 29.06.2016-ൽ മറുപടിയ്ക്ക്

## കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ അനുഭവപ്പെടുന്ന വൈദ്യുതി തടസ്സത്തിന് പരിഹാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. ദാസൻ : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ അനുഭവപ്പെടുന്ന വൈദ്യുതി തടസ്സത്തിന് പരിഹാരം കാണുന്നതിന് നടപടികൾ ആവശ്യപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് സർക്കാരിൽ സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ച അനന്തര നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ; | (എ) & (ബി) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ അനുഭവപ്പെടുന്ന വൈദ്യുതി തടസ്സത്തിന് പരിഹാരം കാണുന്നതിനായി കൊയിലാണ്ടി 110 കെ.വി. സബ് സ്റ്റേഷനിൽ നിന്നും കൊയിലാണ്ടി നഗരത്തിലേക്ക് മാത്രമായി ഒരു 11 കെ.വി. ഫീഡർ ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തി 2016-17 – ലെ ബോർഡിൻെറ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ അനുഭവപ്പെടുന്ന വൈദ്യുതി തടസ്സത്തിന് പരിഹാരം കാണുന്നതിനായി പ്രസരണ വിഭാഗത്തിന് കീഴിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(1) 110 കെ.വി. കൊയിലാണ്ടി സബ് സ്റ്റേഷനിലെ 110/11 കെ.വി. ട്രാൻസ്ഫോർമറിൻെറ സ്ഥാപിത ശേഷി 20 എം.വി.എ. യിൽ നിന്ന് 30 എം.വി.എ. ആയി വർദ്ധിപ്പിച്ചു.<br>(2) ഓർക്കാട്ടേരി – കൊയിലാണ്ടി 110 കെ.വി. ലൈൻ doubling പ്രവർത്തികൾ നടന്നു വരുന്നു. പ്രസ്തുത പ്രവർത്തികൾ സെപ്റ്റംബർ മാസത്തോടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>കൊയിലാണ്ടി നഗരത്തിൽ ഒരു പുതിയ സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമായാൽ സാങ്കേതിക പഠനം നടത്തിയ ശേഷം പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | കൊയിലാണ്ടി നഗരത്തിലെ വാണിജ്യ വ്യാവസായിക സ്ഥാപനങ്ങളുടെയും ആശുപത്രി, സർക്കാർ ഓഫീസുകൾ എന്നിവയുടെയും ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സർക്കാർ സത്വര നടപടി സ്വീകരിക്കുമോ ? | | |

Hemalekha

**സെക്ഷൻ ഓഫീസർ**